# Malayala Manorama
## 17 August 2018
## Palakkad, Kozhikode, Flood

# വരളുന്ന പാലക്കാട്ട് അപൂർവ പ്രളയം

**മനോരമ ലേഖകൻ**

പാലക്കാട് ● വരൾച്ച മാത്രം അനുഭവിക്കുകയും കേൾക്കുകയും ചെയ്ത പാലക്കാടിന് പെട്ടെന്നുള്ള വെള്ളപ്പൊക്കം താങ്ങാൻ കഴിയാത്തതായി.

ഇതു വരെ പശ്ചിമ ഘട്ടത്തിന്റെ വിടവായ പാലക്കാടൻ ചുരത്തിന്റെ അന്തരീക്ഷത്തിൽ എത്താത്ത കാലവർഷക്കാറ്റ് ഇത്തവണ വൻതോതിൽ മേഖലയിലെ വനപ്രദേശം കേന്ദ്രീകരിച്ചു പെയ്യുന്ന അസാധാരണ സാഹചര്യം എന്നാണു കാലാവസ്ഥാ വിദഗ്ധരുടെ നിരീക്ഷണം. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമാണു പ്രതിഭാസമെന്നും പറയുന്നുണ്ട്.

മലമ്പുഴ ഡാമിനു മുകളിൽ അകമലവാരം വനത്തിലുണ്ടായ മഴ വെള്ളവും താഴെ ഭാഗത്തുണ്ടായ ഉരുൾപ്പൊട്ടലിൽ നിന്നുള്ള വെള്ളവും ചെളിയും നേരിട്ട് മലമ്പുഴ ഡാമിൽ പതിയുന്ന സാഹചര്യമുണ്ടായി. ചെളിയടിഞ്ഞു സംഭരണ ശേഷി കുറഞ്ഞതാണ് അണക്കെട്ടു പെട്ടെന്നു കവിയാനും ഡാം തുറക്കാനും സാഹചര്യമുണ്ടാക്കി.

## പുഴയും കനാലും നിറഞ്ഞു; കോഴിക്കോട്ട് വെള്ളപ്പൊക്കം

കോഴിക്കോട് ● പൂനൂർപുഴയും കല്ലായിപ്പുഴയും കനോലി കനാലും നിറഞ്ഞതാണ് നഗരത്തിൽ വെള്ളംപൊങ്ങാൻ കാരണം. നഗരത്തിലെ ഓവുചാലുകളിൽ ഭൂരിഭാഗവും തുറക്കുന്നത് കനോലി കനാലിലേക്കാണ്. ഇതുനിറഞ്ഞതോടെ മഴവെള്ളം ഒഴുകിപ്പോകാതായി. കനോലി കനാലും കല്ലായിപ്പുഴയും ചേരുന്ന ഭാഗത്ത് ചെളികൂടിയിരിക്കുന്നതിനാൽ കനാലിൽ പെട്ടെന്നു വെള്ളം പൊങ്ങുന്നതു പതിവാണ്. വയനാട്ടിലെ ബാണാസുര സാഗർ അണക്കെട്ടും അവിടെ നിന്നു വെള്ളം എത്തുന്ന കക്കയം ഡാമും തുറന്നതും കുറ്റ്യാടിപ്പുഴ മേഖലകളിൽ വെള്ളം കൂടാൻ കാരണമാണ്.

കുറ്റ്യാടി ഡാമിൽ നിന്നുള്ള വെള്ളമെത്തുന്ന പെരുവണ്ണാമൂഴി ഡാമിൽ നിന്ന് ഇറിഗേഷൻ കനാലുകളിലൂടെ എത്തുന്ന വെള്ളവും കോഴിക്കോട് നഗരത്തിലും സമീപ പ്രദേശങ്ങളിലും വെള്ളം കൂടാൻ കാരണമായി.